ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). കേരളത്തിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു ; വയനാട് പാർലമെന്റ് മണ്ഡലത്തിൽ മൂന്ന് ലക്ഷം കടന്ന് പ്രിയങ്ക ഗാന്ധിയുടെ ലീഡ് ; പാലക്കാട് യു.ഡി.എഫിന്റെ രാഹുൽ മാങ്കൂട്ടത്തിലിനും ചേലക്കരയിൽ എൽ.ഡി.എഫിന്റെ യു ആർ പ്രദീപിനും ലീഡ്.

**Counting of votes for the by-elections in Kerala is progressing; Priyanka Gandhi's lead in Wayanad parliamentary constituency has crossed three lakh; UDF's Rahul Mangkootatil of Palakkad and LDF's UR Pradeep are leading in Chelakkara.**

2. മഹാരാഷ്ട്രയിൽ ബി.ജെ.പി ഉൾപ്പെട്ട മഹായുതി സഖ്യം അധികാരത്തിലേക്ക് ; ജാർഖണ്ഡിൽ ഐ എൻ ഡി ഐ സഖ്യം മുന്നിൽ.

**In Maharashtra, BJP-led Mahayuti alliance is coming to power; INDI alliance is ahead in Jharkhand.**

3. 15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും പുരോഗമിക്കുന്നു.

**Counting of votes for the by-elections held in 48 assembly constituencies in 15 states is also progressing.**

4. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

**Prime Minister's monthly radio address Mann Ki Baat will be held tomorrow.**

5. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രം വിളിച്ച സർവകക്ഷി യോഗം നാളെ നടക്കും.

**The all-party meeting called by the Centre ahead of the winter session of Parliament will be held tomorrow.**

*****************************

## KERALA- GENERAL

കേരളത്തിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പകുതി പിന്നിടുമ്പോൾ വയനാട് പാർലമെൻറ് മണ്ഡലത്തിൽ യു.ഡി.എഫിന്റെ പ്രിയങ്ക ഗാന്ധി വിജയമുറപ്പിച്ചു. പ്രിയങ്കയുടെ ഭൂരിപക്ഷം മൂന്ന് ലക്ഷം കടന്നു. ഇടതുസ്ഥാനാർത്ഥി സത്യൻ മൊകേരിയാണ് രണ്ടാം സ്ഥാനത്ത്. പാലക്കാട് യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലാണ് ലീഡ് ചെയ്യുന്നത്. ബി.ജെ.പിയുടെ സി കൃഷ്ണകുമാറാണ് തൊട്ടുപിന്നിൽ. ചേലക്കരയിൽ എൽ.ഡി.എഫിന്റെ യു ആർ പ്രദീപ് വ്യക്തമായ മേൽക്കൈ നേടിക്കഴിഞ്ഞു. യുഡിഎഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസാണ് രണ്ടാമത്.

*****************************

## MH-JH ELECTION GENERAL

നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്ര, ത്സാർഖണ്ഡ് സംസ്ഥാനങ്ങളിലും വോട്ടെണ്ണൽ പുരോഗമിക്കുന്നു. മഹാരാഷ്ട്രയിൽ എൻ ഡി എ കക്ഷികൾ ഉൾപ്പെട്ട മഹായുതി സഖ്യം

വ്യക്തമായ ഭൂരിപക്ഷത്തിലേക്ക് കടക്കുന്നു. ഇഞ്ചോടിഞ്ച് പോരാട്ടം നടന്ന ജാർഖണ്ഡിൽ നിലവിൽ ഐ എൻ ഡി ഐ സഖ്യം ഭൂരിപക്ഷം ഉറപ്പിച്ചു.

*****************************

## WAYANAD (INTRO)

വയനാട്ടിൽ വോട്ട് എണ്ണിതുടങ്ങുന്ന സമയം മുതൽ തന്നെ യു.ഡി.എഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ലീഡ് ചെയ്യുന്നുണ്ട്. തൊട്ടുപിന്നിൽ എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരിയും മൂന്നാം സ്ഥാനത്ത് എൻ.ഡി.എ യുടെ നവ്യ ഹരിദാസുമുണ്ട്.

**വയനാട്ടിലെ ഏറ്റവും പുതിയ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ് ചേരുന്നു.**

അരുൺ, പ്രിയങ്കാ ഗാന്ധിയുടെ ലീഡ് നില എങ്ങനെയാണ്? രാഹുൽ ഗാന്ധിയുടെ ഭൂരിപക്ഷം പ്രിയങ്കക്ക് മറികടക്കാനാകുമോ? എൽഡിഎഫ്, എൻഡിഎ സ്ഥാനാർത്ഥികളുടെ സ്ഥിതി എങ്ങനെയാണ്

(വോയ്സ്)

**നന്ദി, അരുൺ.**

*****************************

## CHELAKAKRA STORY

സംവരണ മണ്ഡലമായ തൃശൂർ ജില്ലയിലെ ചേലക്കരയിൽ ഒടുവിലെ ഫലസൂചനകൾ പ്രകാരം എൽ ഡി എഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് 12,000 ത്തിലേറെ വോട്ടിന് ലീഡ്

ചെയ്യുന്നു. യു ഡി എഫ് സ്ഥാനാർത്ഥിയായി രമ്യ ഹരിദാസും എൻ ഡി എയ്ക്കായി കെ ബാലകൃഷ്ണനുമാണ് ജനവിധി തേടുന്നത്.

രമ്യ രണ്ടാം സ്ഥാനത്തും കെ ബാലകൃഷ്ണൻ മൂന്നാം സ്ഥാനത്തുമാണ്. 72.77 ശതമാനമായിരുന്നു ഇത്തവണത്തെ പോളിംഗ്. കഴിഞ്ഞ തവണ എൽ ഡി എഫ് സ്ഥാനാർത്ഥി കെ. രാധാകൃഷ്ണൻ 39,400 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്.

*****************************

**PALAKKAD .. INTRO**

പാലക്കാട് നിയമസഭാ മണ്ഡലത്തിൽ വോട്ടെണ്ണൽ പകുതി പിന്നിടുമ്പോൾ യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ മുന്നിലാണ്. എൻഡിഎ സ്ഥാനാർത്ഥി സി കൃഷ്ണകുമാർ രണ്ടാം സ്ഥാനത്തും എൽഡിഎഫ് സ്വതന്ത്ര സ്ഥാനാർത്ഥി പി സരിൻ മൂന്നാം സ്ഥാനത്തുമാണ്. വോട്ടെണ്ണൽ കേന്ദ്രമായ ഗവൺമെന്റ് വിക്ടോറിയ കോളേജിൽ മൂന്ന് മുന്നണികളുടെയും പ്രവർത്തകർ പ്രതീക്ഷയോടെ സാന്നിധ്യം ഉറപ്പിച്ചിട്ടുണ്ട്. പാലക്കാട് ഉപതെരഞ്ഞെടുപ്പിലെ ഏറ്റവും പുതിയ വിശേഷങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് ചേരുന്നു. ഫൈസൽ വോട്ടെണ്ണൽ എത്ര റൗണ്ട് പിന്നിട്ടു? ഒടുവിലത്തെ ഫല സൂചന എങ്ങനെയാണ്?

**(ഫോൺ ഇൻ..........)**

**നന്ദി ഫൈസൽ**

*****************************

## MAHARASHTRA ASSEMBLY

288 സീറ്റുകൾ ഉള്ള മഹാരാഷ്ട്ര നിയമസഭയിൽ, 217 സീറ്റുകളിൽ ബി.ജെ.പി ഉൾപ്പെടെയുള്ള മഹായുതി സഖ്യമാണ് മുന്നിൽ. ബി ജെ പി 124 സീറ്റുകളിലും, ശിവസേന ഷിൻഡെ വിഭാഗം 56 സീറ്റിലും, എൻ സി പി 36 സീറ്റിലും ലീഡ് ചെയ്യുന്നു. മഹാവികാസ് അഖാഡി സഖ്യത്തിൽ കോൺഗ്രസ്സ് 22 സീറ്റുകളിലും, ശിവസേന ഉദ്ധവ് താക്കറെ വിഭാഗം 20 ഇടത്തും എൻ സി പി ശരദ് പവാർ വിഭാഗം 12 സീറ്റുകളിലും മുന്നേറുന്നു. നാഗ്പൂർ സൗത്ത് വെസ്റ്റിൽ ദേവേന്ദ്ര ഫഡ്നാവിസ് മുന്നിലാണ്. നിലവിലെ മുഖ്യമന്ത്രിയും ശിവസേന ഷിൻഡെ വിഭാഗം നേതാവുമായ ഏക്നാഥ് ഷിൻഡെ, കോപാരി പാച്ച്പഖാഡിയിൽ ലീഡ് ചെയ്യുന്നു. എൻ സി പി നേതാവ് അജിത്ത് പവാർ ബരാമതിയിൽ മുന്നിൽ. കോൺഗ്രസ്സ് നേതാവ് പ്രിത്വിരാജ് ചവാൻ കാരാട് സൗത്തിൽ പിന്നിലാണ്.

*******************************

## JHARKHAND

81 സീറ്റുകളുള്ള ജാർഖണ്ഡിൽ ഐ എൻ ഡി ഐ സഖ്യം 49 മണ്ഡലങ്ങളിലാണ് ലീഡ് ചെയ്യുന്നത്. ജെ എം എം 31 സീറ്റ്, ബി ജെ പി 24 സീറ്റ്, കോൺഗ്രസ്സ് 13 സീറ്റ്, ആർ ജെ ഡി 5 സീറ്റ്, എ ജെ എസ് യു പി 2 സീറ്റ് എന്നിങ്ങനെയാണ് ലീഡ്. നിലവിലെ മുഖ്യമന്ത്രി ഹേമന്ത് സോറെൻ ബർഹൈത്തിൽ മുന്നിലാണ്. മുൻ മുഖ്യമന്ത്രിമാരും ബി ജെ പി സ്ഥാനാർത്ഥികളുമായ ചംപൈ സോറെൻ, ബാബുലാൽ മറാണ്ടി എന്നിവരും മുന്നിലാണ്.ജെ എം എം നേതാക്കളായ കല്പന സൊറെൻ ഗണ്ഡേയിൽ പിന്നിലാണ്.

*******************************

## BYPOLLS

15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും പുരോഗമിക്കുകയാണ്. വയനാടിന് പുറമെ ഉപതെരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിലെ നന്ദേഡ് ലോകസഭാ മണ്ഡലത്തിൽ ബി ജെ പി സ്ഥാനാർത്ഥി ശാന്തുക് റാവു ഹംബർഡേ മുന്നിലാണ്. ഉത്തർപ്രദേശിലെ 9 നിയമസഭാ മണ്ഡലങ്ങളിൽ 5 ഇടത്ത് ബി ജെ പി യും 3 ഇടത്ത് സമാജ്‌വാദി പാർട്ടിയും ലീഡ് ചെയ്യുന്നു. രാജസ്ഥാനിലെ 7 ൽ 4 ഇടത്ത് ബി ജെ പി യും 1 ഇടത്ത് കോൺഗ്രസും മുന്നേറുന്നു. പശ്ചിമ ബംഗാളിലെ 6 ൽ 6 ഇടത്തും തൃണമൂലിനാണ് ലീഡ്. അസമിലെ 5 ൽ 2 ഇടത്ത് ബി ജെ പി യും 1 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. ബിഹാറിലെ 4 ൽ 2 ഇടത്ത് ബിജെപി യും 1 ഇടത്ത് J D U വും മുന്നിലാണ്. പഞ്ചാബിലെയും 4 ൽ 3 ഇടത്ത് എ എ പി യും 1 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. കർണാടകയിലെ 3 ൽ 3 ഇടത്തും കോൺഗ്രസിനാണ് ലീഡ്. മധ്യപ്രദേശിലെ 2 ൽ 2 ഇടത്തും ബി ജെ പി മുന്നേറുന്നു. സിക്കിമിൽ സോറെങ്-ചകുങ്, നാംചി-സിംഗിതാങ് എന്നീ രണ്ട് നിയമസഭാ സീറ്റുകളിൽ ഭരണകക്ഷിയായ സിക്കിം ക്രാന്തികാരി മോർച്ച എതിരില്ലാതെ വിജയിച്ചു.

******************************

## CHELAKKARA ( INTRO)

തൃശൂരിലെ ചേലക്കരയിൽ എൽ ഡി എഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് വിജയം ഏകദേശം ഉറപ്പിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് ചേരുന്നു.
(ഫോൺ ഇൻ)

*****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 116-ാാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

*****************************

## PARLIAMENT -ALL PARTY MEETING

ഈ മാസം 25-ന് ആരംഭിക്കുന്ന പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ നാളെ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാണ് യോഗം. ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം.

*****************************

## CRICKET

ബോർഡർ ഗാവസ്ക്കർ ട്രോഫിക്കുവേണ്ടിയുള്ള ഇന്ത്യ - ഓസ്ട്രേലിയ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇന്ത്യക്ക് ഒന്നാമിന്നിങ്സ് ലീഡ്. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 150 റൺസ്

നേടിയിരുന്നു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ 104 റൺസിന് എല്ലാപേരും പുറത്താവുകയായിരുന്നു. ആദ്യ ഇന്നിങ്സിൽ ഇന്ത്യക്കും ഓസ്ട്രേലിയ്ക്കും ഒരുപോലെ ബാറ്റിംഗ് തകർച്ച നേരിട്ടിരുന്നു. 58 റൺസിന്റെ ലീഡ് നേടിയ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തുടരുന്നു.

***************************

## WRESTLING- MILITARY CHAMPIONSHIP

റെസ്ലിങ് ലോക മിലിട്ടറി ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 76 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ റിതിക ഹൂഡക്ക് സ്വർണ്ണം. അർമേനിയയിൽ ഇന്നലെ നടന്ന മത്സരത്തിലാണ് റിതികയുടെ വിജയം.

***************************

## PRASAR BHARTI FOUNDATION DAY

രാജ്യത്തെ പൊതു സേവന പ്രക്ഷേപകരായ പ്രസാർ ഭാരതിയുടെ സ്ഥാപക ദിനം ഇന്ന്. 1997 നവംബർ 23-നാണ് പ്രസാർ ഭാരതി സ്ഥാപിതമായത്. 1990 ലാണ് പാർലമെൻറ് പ്രസാർ ഭാരതി നിയമം പാസാക്കിയത്.

***************************

## IFFI

ഗോവയിലെ 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മൂന്നാം ദിനമായ ഇന്നും തിയേറ്ററുകളിൽ സിനിമാസ്വാദകരുടെ കനത്ത തിരക്ക്. വിവിധ വിഭാഗങ്ങളിലായി നിരവധി ചിത്രങ്ങളാണ് ഇന്നും പ്രദർശിപ്പിക്കുന്നത്. ആഗോള സിനിമാ വ്യവസായ രംഗത്തെ നിർമ്മാതാക്കൾ, വിതരണക്കാർ തുടങ്ങിയവരെ ഇന്ത്യൻ സിനിമയുമായി ബന്ധിപ്പിക്കുന്നതിനുള്ള വേദി കൂടിയായി മാറുകയാണ് മേള.

******************************

**RUSSIA-UKRAINE**

മധ്യ ദൂര ബാലിസ്റ്റിക് മിസൈൽ പരീക്ഷണവുമായി മുന്നോട്ട് പോകുമെന്ന് പ്രഖ്യാപിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ. ആണവായുധങ്ങൾ ഉൾപ്പെടെ വഹിക്കാൻ ശേഷിയുള്ള മിസൈലുകൾ ആണ് പരീക്ഷിക്കുക.

******************************

<u>പ്രധാന വാർത്തകൾ വീണ്ടും....</u>

1). കേരളത്തിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു ; വയനാട് പാർലമെന്റ് മണ്ഡലത്തിൽ മൂന്ന് ലക്ഷം കടന്ന് പ്രിയങ്ക ഗാന്ധിയുടെ ലീഡ് ; പാലക്കാട് യു.ഡി.എഫിന്റെ രാഹുൽ മാങ്കൂട്ടത്തിലിനും ചേലക്കരയിൽ എൽ.ഡി.എഫിന്റെ യു ആർ പ്രദീപിനും ലീഡ്.

2. മഹാരാഷ്ട്രയിൽ ബി.ജെ.പി ഉൾപ്പെട്ട മഹായുതി സഖ്യം അധികാരത്തിലേക്ക് ; ജാർഖണ്ഡിൽ ഐ എൻ ഡി ഐ സഖ്യം മുന്നിൽ.

3. 15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും പുരോഗമിക്കുന്നു.

4. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

5. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രം വിളിച്ച സർവകക്ഷി യോഗം നാളെ നടക്കും.

******************************

വാർത്തകൾ കഴിഞ്ഞു..

പ്രത്യേക തിരഞ്ഞെടുപ്പ് വാർത്തകൾ വൈകുന്നേരം 3.30 ന്.

*******************************************************************************

*************************************************